# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2887 20.06.2013 - ലെ മറുപടിയ്ക്ക്

## ഹരിത കെട്ടിട നിർമ്മാണ നയം

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഹരിത കെട്ടിടങ്ങളെ നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ഹരിത കെട്ടിടങ്ങളെ നിർണയിക്കുന്നതിന് GRIHA (Green Rating of Integrated Habitat Assessment/LEED(Leadership in Energy and Environment Design) യുടെ നിലവാരങ്ങൾ കൈക്കൊള്ളുന്നതിനും STAR RATING ഏർപ്പെടുത്തുന്നതിനും അതനുസരിച്ച് 2500 ച.മീറ്ററിന് താഴെ വിസ്തൃതിയുള്ള ചെറിയ നിർമ്മിതികൾക്ക് 3 STAR (GRIHA)/SILVER (LEED) പദവിയും 2500 മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വലിയ നിർമ്മിതികൾക്ക് 4 STAR (GRIHA)/GOLD (LEED) പദവിയും കൂടാതെ 1,50,000/-ച.മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വിശാലമായ ക്യാമ്പസ് നിർമ്മിതികളെ പ്രത്യേക വിഭാഗമായി കണക്കാക്കി 5 STAR (GRIHA)/PLATINUM (LEED) പദവിയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കളിലെ വിഷാംശം കുറയ്ക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഹരിത നിർമ്മിതികൾക്ക് അംഗീകാരം നൽകുന്ന കേന്ദ്ര റേറ്റിംഗ് സംവിധാനമായ 'ഗൃഹ' ഹരിത നിർമ്മിതികളിൽ ഉപയോഗിക്കാവുന്ന വിഷാംശം കുറഞ്ഞ ധാരാളം നിർമ്മാണ വസ്തുക്കൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സി.പി.ഡബ്ല്യു.ഡി. ഇത്തരം ഹരിത നിർമ്മാണ വസ്തുക്കളെ സംബന്ധിച്ച ഷെഡ്യൂൾ ഓഫ് റേറ്റിന് ഒരു സപ്ളിമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | (സി) | ഹരിത നിർമ്മാണ നയങ്ങൾക്കും സാങ്കേതികവിദ്യയ്ക്കും പ്രചാരം നല്കുന്നതിലേക്കായി മേഖലാതലത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങളിൽ അവബോധം വളർത്തുവാൻ പി.ആർ.ഡി. മുഖേന പ്രചാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ചർച്ച നടത്തിക്കഴിഞ്ഞു. |

Manzad

**സെക്ഷൻ ഓഫീസർ**